# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3355 10.12.2018 ൽ മറുപടിക്ക്

### വില്ലേജ് ഓഫീസുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനവും റവന്യൂ വകുപ്പിലെ തസ്തികകളുടെ പരിഷ്കരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തണമെന്ന ശമ്പള കമ്മീഷൻ ശിപാർശ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത സംവിധാനം നിലവിൽ എത്ര വില്ലേജ് ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23.03.2018 ലെ എൽ.ആർ.എൻ.4/13036/17 -ാം നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കേരളത്തിലെ ഒരു വില്ലേജ് ഓഫീസിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതാണ്. |
| (ബി) | ഇലക്ട്രോണിക് മാധ്യമങ്ങൾ വഴിയും മൊബൈൽ അപ്ലിക്കേഷനുകൾ വഴിയും നോട്ടീസ് നൽകുകയും അത് കക്ഷി കാണുകയും ചെയ്താൽ നോട്ടീസ് കൈപ്പറ്റിയതായി പരിഗണിക്കുന്നതിന് നിലവിലെ ചട്ടങ്ങളും നിയമങ്ങളും ഭേദഗതി വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; | (ബി) | ഇക്കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരിൽ 50 ശതമാനം പേരെ എൽ.ഡി. ക്ലർക്ക്/വി.എ./ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് മാറ്റി നിയമിക്കണമെന്ന റവന്യൂ വകുപ്പിന്റെ നിർദ്ദേശം എല്ലാ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കുമോ; | (സി) | റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ 23.03.2018 ലെ എൽ.ആർ.എൻ.4/13036/17 –ാം നമ്പർ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 50% തസ്തികകൾ അപ് ഗ്രേഡ് ചെയ്ത് വില്ലേജ് അസിസ്റ്റന്റ് തസ്തികയാക്കിയാൽ വില്ലേജ് ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ലോവർ ഡിവിഷൻ ക്ലർക്കിന് തുല്യമായതിനാലും വില്ലേജ് ഓഫീസിലെ എല്ലാവിധ നികുതികളും പിരിച്ചെടുക്കുന്നതിനുള്ള അധികാരം വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് നൽകിയതിനാലും പ്രസ്തുത തസ്തികയുടെ ശമ്പളത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; | (ഡി) | ഒരു തസ്തികയുടെ ശമ്പള സ്കെയിൽ നിശ്ചയിക്കുന്നത് ആ തസ്തികയിൽ നിക്ഷിപ്തമായിരിക്കുന്ന ജോലിയുടെ സ്വഭാവം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, അതാത് തസ്തികയുടെ അധികാര പരിധി എന്നിവയെല്ലാമാണെന്നതിനാൽ വിദ്യാഭ്യാസ യോഗ്യത മാത്രം സമാനമായതുകൊണ്ട് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജ് അസിസ്റ്റന്റുമാരുടെ ശമ്പള സ്കെയിൽ അനുവദിക്കാൻ സാധിക്കുകയില്ലെന്ന് റവന്യൂ (റ്റി)1-204/2017/റവ. നമ്പർ ഫയലിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. |
| (ഇ) | വില്ലേജ് ഓഫീസ് അസിസ്റ്റന്റ് തസ്തിക കാലോചിതമായി പരിഷ്കരിച്ച് അപ് ഗ്രേഡ് ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ജീവനക്കാർക്ക് സർവ്വേ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഇ) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ